ശ്രീ. മഞ്ഞളാംകുഴി അലി : സർ, ക്ഷേത്രട്രസ്റ്റിന്റെ പരാതി പ്രകാരം 6-5-2010-ൽ എസ്.റ്റി.പി. വിജിലൻസ് ആ സ്ഥലം സന്ദർശിക്കുകയും നല്ല രീതിയിലുള്ള വയലേഷനുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. 29-6-2010-ന് അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാൻ കോർപ്പറേഷൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പല കാരണങ്ങൾകൊണ്ടും അതിന് കഴിഞ്ഞില്ല. സർക്കാരിൽ നിന്നും 14-8-2010-നും 1-9-2011-നും റിമൈൻഡർ അയച്ചു. അപ്പോൾ കെട്ടിട ഉടമ ടൈബ്യൂണലിൽനിന്നും സ്റ്റേ ഓർഡർ വാങ്ങി. 3-2-2015-നും 18-5-2015-നും സർക്കാർ അത് പൊളിച്ചുമാറ്റാൻ കത്തെഴുതിയിട്ടുണ്ട്. ഇതുവരേയും നഗരസഭ അതിന്റെ കാര്യങ്ങൾ ചെയ്തിട്ടില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജൈവവളങ്ങളുടെയും കീടനാശിനികളുടെയും വിപണനം

4 (*424) ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പ്രധാനപ്പെട്ട ജൈവവളങ്ങളും ജൈവ കീടനാശിനികളും ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാന ലോബികൾ വിറ്റഴിക്കുന്ന ജൈവവളങ്ങളും ജൈവ കീടനാശിനികളും നിലവാരമില്ലാത്തതാണെന്ന് കൃഷി വിജ്ഞാനകേന്ദ്രം നടത്തിയ പരിശോധനകളിൽ തെളിഞ്ഞിട്ടുണ്ടോ ; എങ്കിൽ നിലവിൽ ജൈവവള ഉല്പന്ന വിപണിയിൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളുണ്ടെന്ന് വിശദമാക്കുമോ ;

(സി) ജൈവ വളങ്ങളുടെയും കീടനാശിനികളുടെയും പരിശോധനയ്ക്കായി എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പ്രധാന ജൈവവളങ്ങളുടെയും ജൈവ കീടനാശിനികളുടെയും പേരുകൾ ചുവടെ ചേർക്കുന്നു :

ജൈവവളങ്ങൾ

1. മണ്ണിര കമ്പോസ്റ്റ്
2. സിറ്റി കമ്പോസ്റ്റ്
3. ഫോസ്ഫേറ്റ് റിച്ച് ഓർഗാനിക് മാന്വവർ
4. ജൈവവളം (ഓർഗാനിക് മാന്വവർ)

ജൈവകീടനാശിനികൾ

1. വെർട്ടിസീലിയം ലിക്കാനി
2. സ്യൂഡോമോണസ് ഫ്ലോറസൻസ്
3. ട്രൈക്കോഡെർമ്മ വിറിഡേ
4. ബ്യൂവേറിയ ബസിയാന
5. ബാസിലസ് തുറിഞ്ചിയൻസിസ്
6. മെറ്റാറൈസിയം അനിസോപിലെ
7. പേസിലോമൈസസ് സ്പീഷിസ്
8. അസാഡിറാക്ടിൻ

(ബി) അന്യസംസ്ഥാന ലോബികൾ വിറ്റഴിക്കുന്ന ജൈവവളങ്ങളും ജൈവകീട നാശിനികളും നിലവാരമില്ലാത്തതാണെന്ന് കൃഷി വിജ്ഞാനകേന്ദ്രം നടത്തിയ പരിശോധനകളിൽ തെളിഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജൈവവളങ്ങളുടെ പരിശോധനയ്ക്കായി സർക്കാർ നോട്ടിഫൈഡ് ലാബുകൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ ആറ് റീജിയണൽ സെന്ററുകളിൽ നിലവിലുണ്ട്. ഇതിന്റെ സതേൺ റീജിയണൽ സെന്റർ കർണ്ണാടക സംസ്ഥാനത്തെ ബാംഗ്ലൂരിൽ സ്ഥിതി ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജൈവവളങ്ങളുടെ പരിശോധനയ്ക്കുള്ള സൗകര്യം കേരള കാർഷിക സർവ്വകലാശാല, സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിലവിലുണ്ട്. ജൈവകീടനാശിനികളുടെ വിഭാഗത്തിൽപ്പെടുന്ന അസാഡിറാക്ടിൻ ഒഴികെയുള്ള കീടനാശിനികളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗ് (RCOF)-ൽ അയച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. അസാഡിറാക്ടിൻ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ചുവരുന്നു. കേരളത്തിൽ കാർഷിക സർവ്വകലാശാലയിൽ ഇവ പരിശോധിക്കുന്നുണ്ട്.

ഗോസുരക്ഷാ പദ്ധതി

5 (*425) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോസുരക്ഷാ പദ്ധതി ഇപ്പോൾ തുടരുന്നുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) 2014 മാർച്ചിനുശേഷം ഗോസുരക്ഷാ പദ്ധതിയിൽ കർഷകരുടെ വിഹിതം നൽകി അപേക്ഷ നൽകിയവർക്ക് സർക്കാർ വിഹിതം നൽകിയിട്ടില്ല എന്ന കാരണത്താൽ ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനും സർക്കാർ ഇൻഷ്വറൻസ് വിഹിതം അടയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) തുടരുന്നില്ല.

(ബി) ഇല്ല.

(സി) പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള Rs. 209.50 ലക്ഷത്തിൽ ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്കായി ലഭിക്കുന്ന തുക ഉപയോഗിച്ച് സർക്കാർ വിഹിതം അടച്ച് പദ്ധതി പുനഃസ്ഥാപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly